# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298, മൊബൈൽ : 9495119702

2020 ജനുവരി 31

# വാർത്താക്കുറിപ്പ്

---

## പരീക്ഷ തീയതി

അഫിലിയേറ്റഡ് കോളേജിലെയും സീപാസിലേയും ഒന്നാം സെമസ്റ്റർ ബി.എഡ്. (ക്രെഡിറ്റ് ആന്റ് സെമസ്റ്റർ - 2019 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി - ദ്വിവത്സരം) പരീക്ഷകൾ ഫെബ്രുവരി 12 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/149/2020)

## പ്രാക്ടിക്കൽ

2019 നവംബറിൽ നടന്ന ഒന്നാം സെമസ്റ്റർ ബി.എ. കഥകളി - സംഗീതം സി.ബി.സി.എസ്. (2019 അഡ്മിഷൻ റഗുലർ/2017, 2018 അഡ്മിഷൻ റീഅപ്പിയറൻസ്) പരീക്ഷയുടെ പുനഃക്രമീകരിച്ച പ്രാക്ടിക്കൽ ഫെബ്രുവരി മൂന്നിന് തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/150/2020)

2019 ഡിസംബറിൽ നടന്ന അഞ്ചാം സെമസ്റ്റർ ബി.വോക് ആനിമേഷൻ ആന്റ് ഗ്രാഫിക് ഡിസൈൻ (2017 അഡ്മിഷൻ റഗുലർ, 2014-16 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ ഫെബ്രുവരി അഞ്ചുമുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/151/2020)

## വൈവാവോസി

2019 നവംബറിൽ നടന്ന എം.എ. ഇംഗ്ലീഷ് ഓഫ് കാമ്പസ് (സപ്ലിമെന്ററി/മേഴ്സി ചാൻസ്) പരീക്ഷയുടെ വൈവാവോസി ഫെബ്രുവരി നാലിന് മഹാത്മാ ഗാന്ധി സർവകലാശാല സിൽവർ ജൂബിലി പരീക്ഷഭവനിലെ 201-ാം നമ്പർ മുറിയിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/152/2020)

## അഞ്ചാം സെമസ്റ്റർ ബി.എ., ബി.കോം. പരീക്ഷ ഫലം പ്രസിദ്ധീകരിച്ചു

2019 ഒക്ടോബറിൽ നടന്ന സി.ബി.സി.എസ്. അഞ്ചാം സെമസ്റ്റർ ബി.എ./ബി.കോം. മോഡൽ 1, 2, 3 (2017 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 15 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/153/2020)

## പരീക്ഷ ഫലം

2019 സെപ്റ്റംബറിൽ നടന്ന ഒൻപതാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ് - 2013 അഡ്മിഷൻ മുതൽ റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/154/2020)

## സ്പെഷൽ ടീച്ചർ ഒഴിവ്

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് പഠനവകുപ്പിൽ സ്പെഷൽ ടീച്ചർ തസ്തികയിൽ ദിവസവേതന വ്യവസ്ഥയിൽ താത്ക്കാലികമായി നിയോഗിക്കുന്നതിന് ഫെബ്രുവരി 12ന് വോക്-ഇൻ-ഇന്റർവ്യൂ നടത്തും. ഈഴവ/തീയ്യ/ബില്ലിയ വിഭാഗത്തിൽപ്പെട്ടവർക്ക് അപേക്ഷിക്കാം. ഒരൊഴിവാണുള്ളത്. ദിവസം 975 രൂപയാണ് വേതനം. യോഗ്യത: പ്രീഡിഗ്രി വിജയം അല്ലെങ്കിൽ തത്തുല്യ യോഗ്യത, അംഗീകാരമുള്ള സ്പെഷൽ എഡ്യൂക്കേഷനിൽ ഒരു വർഷത്തെ പരിശീലന

പരിചയം, മാനസികവും ശാരീരികവുമായ വൈകല്യമുള്ള കുട്ടികൾക്കുവേണ്ടി ഏതെങ്കിലും അംഗീകൃത സ്ഥാപനത്തിൽ രണ്ടുവർഷത്തിൽ കുറയാതെ ക്ലാസുകൾ നടത്തി പരിചയം. പ്രായപരിധി 2020 ജനവരി ഒന്നിന് 39 വയസ് കവിയരുത്. ഉച്ചയ്ക്ക് 12ന് വൈസ് ചാൻസലറുടെ ചേംബറിലാണ് ഇന്റർവ്യൂ. താല്പര്യമുള്ളവർ വെള്ളപേപ്പറിൽ തയാറാക്കിയ അപേക്ഷയോടൊപ്പം പ്രായം, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം, ജാതി, അധികയോഗ്യത എന്നിവ തെളിയിക്കുന്ന രേഖകളുടെ അസലും പകർപ്പുകളും സഹിതം രാവിലെ 10ന് സർവകലാശാല ഭരണവിഭാഗത്തിലെ എഡി എ5 സെക്ഷനിൽ എത്തണം.

(പി.ആർ.ഒ/39/155/2020)

## അനലിറ്റിക്കൽ എൻജിനീയർ ഒഴിവ്

മഹാത്മാ ഗാന്ധി സർവകലാശാല ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജിയിൽ അനലിറ്റിക്കൽ എൻജിനീയർ ഫോർ ഹൈ റെസല്യൂഷൻ ട്രാൻസ്മിഷൻ ഇലക്ട്രോൺ മൈക്രോസ്കോപ്പ് തസ്തികയിലേക്ക് കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള വോക്-ഇൻ-ഇന്റർവ്യൂ ഫെബ്രുവരി 12ന് നടക്കും. പൊതുവിഭാഗത്തിൽ ഒരൊഴിവാണുള്ളത്. മാസം 30000 രൂപ പ്രതിഫലം ലഭിക്കും. ഒരു വർഷത്തേക്കാണ് നിയമനം. യോഗ്യത: ഇലക്ട്രോണിക്സ്/ഇലക്ട്രിക്കൽ/ഇൻസ്ട്രുമെന്റേഷൻ ബ്രാഞ്ചിൽ ബി.ടെകും നാനോ സയൻസ് ആന്റ് നാനോടെക്നോളജിയിൽ എം.എസ്. അല്ലെങ്കിൽ എം.ടെക്. ട്രാൻസ്മിഷൻ ഇലക്ട്രോൺ മൈക്രോസ്കോപ്പി, സ്റ്റെം, ഇ.ഡി.എസ്., ക്രിയോമൈക്രോട്ടോം അടക്കം എച്ച്.ആർ.ടി.ഇ.എം. അനലൈസിംഗിനുള്ള എലമെന്റൽ മാപ്പിംഗ് - സാമ്പിൾ തയാറാക്കൽ എന്നിവയിൽ മൂന്നുവർഷത്തെ പ്രവൃത്തിപരിചയം വേണം. പ്രായം: 2020 ജനവരി ഒന്നിന് 36 വയസ്. രാവിലെ 10.30ന് വൈസ് ചാൻസലറുടെ ചേംബറിലാണ് ഇന്റർവ്യൂ. താല്പര്യമുള്ളവർ പ്രായം, യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന രേഖകളുടെ അസലും പകർപ്പുകളും സഹിതം രാവിലെ 9.30ന് സർവകലാശാല ഭരണവിഭാഗത്തിലെ എഡി. എ7 വിഭാഗത്തിൽ എത്തണം.

(പി.ആർ.ഒ/39/156/2020)

## ഡോ. സുരേഷ് മാത്യുവിന് 'നെറ്റ്സ്-ഇറ്റാസ്' പുരസ്കാരം സമ്മാനിച്ചു

തെർമൽ അനാലിസിസ് ഗവേഷണ മേഖലയിലെ മികച്ച സംഭാവനകൾക്ക് ഇന്ത്യൻ തെർമൽ അനാലിസിസ് സൊസൈറ്റി ഏർപ്പെടുത്തിയ 'നെറ്റ്സ് - ഇറ്റാസ്' പുരസ്കാരം മഹാത്മാ ഗാന്ധി സർവകലാശാലയിലെ കെമിക്കൽ സയൻസസ് അധ്യാപകൻ പ്രൊഫ. സുരേഷ് മാത്യുവിന് സമ്മാനിച്ചു. മുംബൈയിലെ ഭാഭാ അറ്റോമിക് റിസർച്ച് സെന്ററിൽ നടന്ന സിമ്പോസിയത്തിൽ അറ്റോമിക് എനർജി കമ്മീഷൻ മുൻ ചെയർമാൻ ഡോ. ആർ.കെ. സിൻഹ പുരസ്കാരം കൈമാറി. ഡോ. എസ്. കണ്ണൻ, ഡോ. എ.കെ. ത്യാഗി, ഡോ. ആർ. മിശ്ര എന്നിവർ പ്രസംഗിച്ചു. പ്രശസ്തിപത്രവും മെഡലും ക്യാഷ് അവാർഡും അടങ്ങുന്നതാണ് പുരസ്കാരം.

ജർമനിയിലെ അലക്സാണ്ടർ ഫൊൺ ഹംബോൾട്ട് ഫെലോയായ ഡോ. സുരേഷ് മാത്യു സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് മുൻ ഡയറക്ടറും അഡ്വാൻസ്ഡ് മോളിക്യുലർ മെറ്റീരിയൽസ് റിസർച്ച് സെന്റർ സ്ഥാപക ഡയറക്ടറുമാണ്. തെർമൽ അനാലിസിസ് മേഖലയിൽ അനേകം ഗവേഷണ പ്രസിദ്ധീകരണങ്ങളും പേറ്റന്റുകളുമുണ്ട്. തായ്വാനിലെ ലുൻഗ്വ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി, പോളണ്ടിലെ റെസോ യൂണിവേഴ്സിറ്റി ഓഫ് ടെക്നോളജി എന്നിവിടങ്ങളിലെ വിസിറ്റിംഗ് പ്രൊഫസറാണ്.

## ഫോട്ടോ ക്യാപ്ഷൻ

**തെർമൽ അനാലിസിസ് ഗവേഷണ മേഖലയിലെ മികച്ച സംഭാവനകൾക്ക് ഇന്ത്യൻ തെർമൽ അനാലിസിസ് സൊസൈറ്റി ഏർപ്പെടുത്തിയ 'നെറ്റ്സ് - ഇറ്റാസ്' പുരസ്കാരം മുംബൈയിലെ ഭാഭാ അറ്റോമിക് റിസർച്ച് സെന്ററിൽ നടന്ന സിമ്പോസിയത്തിൽ മഹാത്മാ ഗാന്ധി സർവകലാശാലയിലെ കെമിക്കൽ സയൻസസ് അധ്യാപകൻ പ്രൊഫ. സുരേഷ് മാത്യുവിന് അറ്റോമിക് എനർജി കമ്മീഷൻ മുൻ ചെയർമാൻ ഡോ. ആർ.കെ. സിൻഹ കൈമാറുന്നു. ഡോ. എസ്. കണ്ണൻ, ഡോ. എ.കെ. ത്യാഗി, ഡോ. ആർ. മിശ്ര എന്നിവർ സമീപം**

(പി.ആർ.ഒ/39/157/2020)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ

# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298, മൊബൈൽ : 9495119702

2020 ജനുവരി 31

# വാർത്താക്കുറിപ്പ്

---

**പരീക്ഷ തീയതി**

അഫിലിയേറ്റഡ് കോളേജിലെയും സീപാസിലേയും ഒന്നാം സെമസ്റ്റർ ബി.എഡ്. (ക്രെഡിറ്റ് ആന്റ് സെമസ്റ്റർ - 2019 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി - ദ്വിവത്സരം) പരീക്ഷകൾ ഫെബ്രുവരി 12 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/149/2020)

**പ്രാക്ടിക്കൽ**

2019 നവംബറിൽ നടന്ന ഒന്നാം സെമസ്റ്റർ ബി.എ. കഥകളി - സംഗീതം സി.ബി.സി.എസ്. (2019 അഡ്മിഷൻ റഗുലർ/2017, 2018 അഡ്മിഷൻ റീഅപ്പിയറൻസ്) പരീക്ഷയുടെ പുനഃക്രമീകരിച്ച പ്രാക്ടിക്കൽ ഫെബ്രുവരി മൂന്നിന് തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/150/2020)

2019 ഡിസംബറിൽ നടന്ന അഞ്ചാം സെമസ്റ്റർ ബി.വോക് ആനിമേഷൻ ആന്റ് ഗ്രാഫിക് ഡിസൈൻ (2017 അഡ്മിഷൻ റഗുലർ, 2014-16 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ ഫെബ്രുവരി അഞ്ചുമുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/151/2020)

**വൈവാവോസി**

2019 നവംബറിൽ നടന്ന എം.എ. ഇംഗ്ലീഷ് ഓഫ് കാമ്പസ് (സപ്ലിമെന്ററി/മേഴ്സി ചാൻസ്) പരീക്ഷയുടെ വൈവാവോസി ഫെബ്രുവരി നാലിന് മഹാത്മാ ഗാന്ധി സർവകലാശാല സിൽവർ ജൂബിലി പരീക്ഷഭവനിലെ 201-ാം നമ്പർ മുറിയിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/152/2020)

**അഞ്ചാം സെമസ്റ്റർ ബി.എ., ബി.കോം. പരീക്ഷ ഫലം പ്രസിദ്ധീകരിച്ചു**

2019 ഒക്ടോബറിൽ നടന്ന സി.ബി.സി.എസ്. അഞ്ചാം സെമസ്റ്റർ ബി.എ./ബി.കോം. മോഡൽ 1, 2, 3 (2017 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 15 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/153/2020)

**പരീക്ഷ ഫലം**

2019 സെപ്തംബറിൽ നടന്ന ഒൻപതാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ് - 2013 അഡ്മിഷൻ മുതൽ റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/154/2020)

**സ്പെഷൽ ടീച്ചർ ഒഴിവ്**

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് പഠനവകുപ്പിൽ സ്പെഷൽ ടീച്ചർ തസ്തികയിൽ ദിവസവേതന വ്യവസ്ഥയിൽ താത്ക്കാലികമായി നിയോഗിക്കുന്നതിന് ഫെബ്രുവരി 12ന് വോക്-ഇൻ-ഇന്റർവ്യൂ നടത്തും. ഈഴവ/തീയ്യ/ബില്ലിയ വിഭാഗത്തിൽപ്പെട്ടവർക്ക് അപേക്ഷിക്കാം. ഒരൊഴിവാണുള്ളത്. ദിവസം 975 രൂപയാണ് വേതനം. യോഗ്യത: പ്രീഡിഗ്രി വിജയം അല്ലെങ്കിൽ തത്തുല്യ യോഗ്യത. അംഗീകാരമുള്ള സ്പെഷൽ എജ്യൂക്കേഷനിൽ ഒരു വർഷത്തെ പരിശീലന

പരിചയം, മാനസികവും ശാരീരികവുമായ വൈകല്യമുള്ള കുട്ടികൾക്കുവേണ്ടി ഏതെങ്കിലും അംഗീകൃത സ്ഥാപനത്തിൽ രണ്ടുവർഷത്തിൽ കുറയാതെ ക്ലാസുകൾ നടത്തി പരിചയം. പ്രായപരിധി 2020 ജനുവരി ഒന്നിന് 39 വയസ് കവിയരുത്. ഉച്ചയ്ക്ക് 12ന് വൈസ് ചാൻസലറുടെ ചേംബറിലാണ് ഇന്റർവ്യൂ. താല്പര്യമുള്ളവർ വെള്ളപേപ്പറിൽ തയാറാക്കിയ അപേക്ഷയോടൊപ്പം പ്രായം, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം, ജാതി, അധികയോഗ്യത എന്നിവ തെളിയിക്കുന്ന രേഖകളുടെ അസലും പകർപ്പുകളും സഹിതം രാവിലെ 10ന് സർവകലാശാല ഭരണവിഭാഗത്തിലെ എഡി എ5 സെക്ഷനിൽ എത്തണം.

(പി.ആർ.ഒ/39/155/2020)

## അനലിറ്റിക്കൽ എൻജിനീയർ ഒഴിവ്

മഹാത്മാ ഗാന്ധി സർവകലാശാല ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജിയിൽ അനലിറ്റിക്കൽ എൻജിനീയർ ഫോർ ഹൈ റെസല്യൂഷൻ ട്രാൻസ്മിഷൻ ഇലക്ട്രോൺ മൈക്രോസ്കോപ്പ് തസ്തികയിലേക്ക് കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള വോക്-ഇൻ-ഇന്റർവ്യൂ ഫെബ്രുവരി 12ന് നടക്കും. പൊതുവിഭാഗത്തിൽ ഒരൊഴിവാണുള്ളത്. മാസം 30000 രൂപ പ്രതിഫലം ലഭിക്കും. ഒരു വർഷത്തേക്കാണ് നിയമനം. യോഗ്യത: ഇലക്ട്രോണിക്സ്/ഇലക്ട്രിക്കൽ/ഇൻസ്ട്രുമെന്റേഷൻ ബ്രാഞ്ചിൽ ബി.ടെകും നാനോ സയൻസ് ആന്റ് നാനോടെക്നോളജിയിൽ എം.എസ്. അല്ലെങ്കിൽ എം.ടെക്. ട്രാൻസ്മിഷൻ ഇലക്ട്രോൺ മൈക്രോസ്കോപ്പി, സ്റ്റെം, ഇ.ഡി.എസ്., ക്രിയോമൈക്രോടോം അടക്കം എച്ച്.ആർ.ടി.ഇ.എം. അനലൈസിംഗിനുള്ള എലമെന്റൽ മാപ്പിംഗ് - സാമ്പിൾ തയാറാക്കൽ എന്നിവയിൽ മൂന്നുവർഷത്തെ പ്രവൃത്തിപരിചയം വേണം. പ്രായം: 2020 ജനുവരി ഒന്നിന് 36 വയസ്. രാവിലെ 10.30ന് വൈസ് ചാൻസലറുടെ ചേംബറിലാണ് ഇന്റർവ്യൂ. താല്പര്യമുള്ളവർ പ്രായം, യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന രേഖകളുടെ അസലും പകർപ്പുകളും സഹിതം രാവിലെ 9.30ന് സർവകലാശാല ഭരണവിഭാഗത്തിലെ എഡി. എ7 വിഭാഗത്തിൽ എത്തണം.

(പി.ആർ.ഒ/39/156/2020)

## ഡോ. സുരേഷ് മാത്യുവിന് 'നെറ്റ്സ്-ഇറ്റാസ്' പുരസ്കാരം സമ്മാനിച്ചു

തെർമൽ അനാലിസിസ് ഗവേഷണ മേഖലയിലെ മികച്ച സംഭാവനകൾക്ക് ഇന്ത്യൻ തെർമൽ അനാലിസിസ് സൊസൈറ്റി ഏർപ്പെടുത്തിയ 'നെറ്റ്സ് - ഇറ്റാസ്' പുരസ്കാരം മഹാത്മാ ഗാന്ധി സർവകലാശാലയിലെ കെമിക്കൽ സയൻസസ് അധ്യാപകൻ പ്രൊഫ. സുരേഷ് മാത്യുവിന് സമ്മാനിച്ചു. മുംബൈയിലെ ഭാഭാ അറ്റോമിക് റിസർച്ച് സെന്ററിൽ നടന്ന സിമ്പോസിയത്തിൽ അറ്റോമിക് എനർജി കമ്മീഷൻ മുൻ ചെയർമാൻ ഡോ. ആർ.കെ. സിൻഹ പുരസ്കാരം കൈമാറി. ഡോ. എസ്. കണ്ണൻ, ഡോ. എ.കെ. ത്യാഗി, ഡോ. ആർ. മിശ്ര എന്നിവർ പ്രസംഗിച്ചു. പ്രശസ്തിപത്രവും മെഡലും ക്യാഷ് അവാർഡും അടങ്ങുന്നതാണ് പുരസ്കാരം.

ജർമനിയിലെ അലക്സാണ്ടർ ഫൊൺ ഹംബോൾട്ട് ഫെലോയായ ഡോ. സുരേഷ് മാത്യു സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് മുൻ ഡയറക്ടറും അഡ്വാൻസ്ഡ് മോളിക്യൂലർ മെറ്റീരിയൽസ് റിസർച്ച് സെന്റർ സ്ഥാപക ഡയറക്ടറുമാണ്. തെർമൽ അനാലിസിസ് മേഖലയിൽ അനേകം ഗവേഷണ പ്രസിദ്ധീകരണങ്ങളും പേറ്റന്റുകളുമുണ്ട്. തായ്വാനിലെ ലുൻഗ്വ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി, പോളണ്ടിലെ റെസോ യൂണിവേഴ്സിറ്റി ഓഫ് ടെക്നോളജി എന്നിവിടങ്ങളിലെ വിസിറ്റിംഗ് പ്രൊഫസറാണ്.

## ഫോട്ടോ ക്യാപ്ഷൻ

**തെർമൽ അനാലിസിസ് ഗവേഷണ മേഖലയിലെ മികച്ച സംഭാവനകൾക്ക് ഇന്ത്യൻ തെർമൽ അനാലിസിസ് സൊസൈറ്റി ഏർപ്പെടുത്തിയ 'നെറ്റ്സ് - ഇറ്റാസ്' പുരസ്കാരം മുംബൈയിലെ ഭാഭാ അറ്റോമിക് റിസർച്ച് സെന്ററിൽ നടന്ന സിമ്പോസിയത്തിൽ മഹാത്മാ ഗാന്ധി സർവകലാശാലയിലെ കെമിക്കൽ സയൻസസ് അധ്യാപകൻ പ്രൊഫ. സുരേഷ് മാത്യുവിന് അറ്റോമിക് എനർജി കമ്മീഷൻ മുൻ ചെയർമാൻ ഡോ. ആർ.കെ. സിൻഹ കൈമാറുന്നു. ഡോ. എസ്. കണ്ണൻ, ഡോ. എ.കെ. ത്യാഗി, ഡോ. ആർ. മിശ്ര എന്നിവർ സമീപം**

(പി.ആർ.ഒ/39/157/2020)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ